# 5. സമയ അളവുകൾ

നമുക്ക് കലണ്ടർ ശ്രദ്ധിക്കാം

## 2014

### January

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

### February

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | |

### March

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 30 | 31 | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

### April

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

### May

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

### June

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

### July

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

### August

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

### September

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

### October

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |


### November

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 30 | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

### December

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

ഒരു കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഒരു വർഷത്തിലുള്ള ദിവസങ്ങൾ, ആഴ്ചകൾ മാസങ്ങൾ എന്നിവ ആകുന്നു.




★ ഒരാഴ്ചയിൽ 7 ദിവസങ്ങൾ ഉണ്ട്

★ ആഴ്ചയുടെ ആദ്യ ദിവസം ഞായർ ആകുന്നു.

★ ആഴ്ചയുടെ അവസാന ദിവസം ശനി

നമുക്ക് ഒരു ആഴ്ചയിലുള്ള ദിവസങ്ങളെ പറഞ്ഞുനോക്കാം

**ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി**

★ **ഒരു വർഷത്തിൽ 12 മാസങ്ങൾ ഉണ്ട്.**

**അവ**

| | | |
|---|---|---|
| ജനുവരി | മേയ് | സെപ്റ്റംബർ |
| ഫെബ്രുവരി | ജൂൺ | ഒക്ടോബർ |
| മാർച്ച് | ജൂലൈ | നവംബർ |
| ഏപ്രിൽ | ആഗസ്റ്റ് | ഡിസംബർ |


★ **ഒരു വർഷത്തിൽ 365 ദിവസങ്ങൾ ഉണ്ട്.**

**പ്രായോഗികം**

നിങ്ങൾക്കു തന്നിരിക്കുന്ന കലണ്ടർ ഷീറ്റിൽ ആഴ്ചകളേയും മാസങ്ങളേയും എഴുതി ശീലിക്കുക.

**ഓർമ്മിക്കുക** - ഓരോ മാസത്തിലെയും ദിവസങ്ങൾ തുല്യമല്ല. ഇത് താഴെ കാണുന്ന പ്രായോഗികത്തിൽ നിന്ന് മനസ്സിലാക്കാം.

- നിങ്ങളുടെ ഇടതു കൈയ്യിലെ വിരലുകൾ മടക്കുക.
- വലതുകൈയ്യിലെചൂണ്ടുവിരൽ ഉപയോഗിച്ച്, ഇടതു കൈയ്യിലെ ശൃംഗം, ഗർത്തം ഭാഗങ്ങളെ തൊട്ട് ഒന്നിടവിട്ട് തൊടുക.
- അതേസമയം 12 മാസങ്ങളുടെ പേരുകളുംപറയുക. ആവർത്തിച്ച് ഉച്ചരിക്കുക




ഫെബ്രുവരി മാസം ഒഴികെ മടക്കു വിരലുകളിൽ ശൃംഗഭാഗം **31** ദിവസങ്ങളേയും, ഗർത്ത ഭാഗം - **30** ദിവസങ്ങളേയും കുറിക്കുന്നു.

നാല് വർഷത്തിലൊരിക്കൽ വരുന്ന അധി വർഷത്തിൽ ഫെബ്രുവരി മാസത്തിന് 29 ദിവസങ്ങൾ ഉണ്ടായിരിക്കും.

അധിവർഷത്തിൽ 366 ദിവസങ്ങളുണ്ട്.

★ ജൂൺ മുതൽ ഏപ്രിൽ മാസം വരെയാണ് നമ്മുടെ അദ്ധ്യായന വർഷം.

★ മധ്യവേനൽ അവധി മേയ് മാസത്തിലാണ്.

## ഈ വർഷത്തെ ആഘോഷങ്ങൾ നോക്കാം




ആഗസ്റ്റ്



സ്വാതന്ത്ര്യ ദിനം

















**നിങ്ങൾക്കറിയാമോ?**

ഈ വർഷം റംസാൻ ആഘോഷിക്കുന്നത് ................................ മാസത്തിലാണ്



**1.** നിങ്ങൾക്കു തന്നിരിക്കുന്ന കലണ്ടറിൽ, താഴെ കൊടുത്തിരിക്കുന്ന ദിവസങ്ങൾ കളർ പെൻസിൽ ഉപയോഗിച്ച് വൃത്തമിടുക.

- നിങ്ങളുടെ ജന്മദിനം
- അർദ്ധവാർഷിക പരീക്ഷയുടെ അവധികഴിഞ്ഞ് സ്കൂൾ തുറക്കുന്ന ദിനം
- റിപ്പബ്ളിക് ദിനം
- തമിഴ് പുതു വർഷദിനം
- ഫെബ്രുവരി മാസത്തിലെ എല്ലാ വ്യാഴാഴ്ചകളും
- ക്രിസ്തുമസ് ദിനം
- ഗാന്ധി ജയന്തി ദിനം

**2.** നിങ്ങൾക്കു തന്നിരിക്കുന്ന കലണ്ടറിൽ നിന്നും താഴെതന്നിരിക്കുന്ന ദിവസങ്ങൾ കണ്ടെത്തുക

- ജനുവരി 20 ________________________ ദിനം
- ഫെബ്രുവരി 4 ________________________ ദിനം
- മാർച്ച് 15 ________________________ ദിനം
- ഈ വർഷത്തെ നിങ്ങളുടെ ജന്മദിനം ________________ ആകുന്നു
- ഏപ്രിൽ മാസത്തെ അവസാനദിവസം ________________ ആകുന്നു

**3.** യോജിപ്പിക്കുക

| | |
|---|---|
| ലോക സാക്ഷരതാ ദിനം | നവംബർ 14 |
| ശിശു ദിനം | സെപ്റ്റംബർ 5 |
| മനുഷ്യാവകാശ ദിനം | മേയ് 1 |
| മേയ് ദിനം | ഡിസംബർ 10 |
| അധ്യാപകരുടെ ദിനം | സെപ്റ്റംബർ 8 |

**അദ്ധ്യാപക കുറുപ്പ് :**

മുകളിൽ ചോദിച്ചിരിക്കുന്നതുപോലെയുള്ള നിരവധി ചോദ്യങ്ങളിലൂടെ അദ്ധ്യാപകർ കുട്ടികളെ പരിശീലിപ്പിക്കുക.

## അഭ്യാസം

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക**

1) അദ്ധ്യായന വർഷം ആരംഭിക്കുന്നത് ......... ൽ ആകുന്നു. **(ജനുവരി/ജൂൺ)**

2) സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന മാസം ..................

**(ജനുവരി / ആഗസ്റ്റ്)**


3) ആഴ്ചയിലെ ആദ്യത്തെ പ്രവർത്തി ദിവസം ...................

**(ഞായർ/ തിങ്കൾ)**

4) .............. ദിനം ആഘോഷിക്കുന്നത് സെപ്റ്റംബർ മാസം

**(ശിശുദിനം / അദ്ധ്യാപക ദിനം)**

5) വിദ്യാഭ്യാസ പുരോഗമന ദിനം ആഘോഷിക്കുന്ന മാസം................ **(ജൂൺ/ജൂലൈ)**




### കാലങ്ങൾ (ഋതുക്കൾ)

**വേനൽക്കാലം**




മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ

**മഴക്കാലം**



ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ

**ശീതകാലം**



നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി



## വിവിധ ഉത്സവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കലണ്ടറിനെകുറിച്ച് മനസ്സിലാക്കാം

### തമിഴ് കലണ്ടർ

**തമിഴ് മാസകലണ്ടർ**

**ആദ്യത്തെ മാസം** : ചിത്തിര

**അവസാനത്തെ മാസം** : പങ്കുനി



### ഇസ്ലാമിക കലണ്ടർ

**ഇത് ഉപയോഗിക്കുന്നത് മുസ്ലീമുകൾ**

**ആദ്യത്തെ മാസം** : **മുഹറം**

**അവസാനത്തെ മാസം** : **സുൾഹജ്**





### ഗ്രിഗോറിയൻ കലണ്ടർ

ലോകത്തിലെ ഭൂരിഭാഗം ജനങ്ങളും ഈ കലണ്ടർ ഉപയോഗിക്കുന്നു. ഇൻഡ്യയിലും ഈ കലണ്ടറാണ് ഉപയോഗിക്കുന്നത്.


**ആദ്യത്തെ മാസം** : ജനുവരി

**അവസാനത്തെ മാസം** : ഡിസംബർ



# 6. ഗുണനം

താഴെ കൊടുത്തിരിക്കുന്ന ക്രമീകരണങ്ങളെ ശ്രദ്ധിക്കുക




ഇവിടെ 3 വിഭാഗങ്ങളുണ്ട്

ഓരോ വിഭാഗത്തിലും 2 പന്തുകൾ വീതം ആകെ 6 പന്തുകൾ ഉണ്ട്.

ഇതിനെ 2 പന്തുകൾ + 2 പന്തുകൾ + 2 പന്തുകൾ = 6 പന്തുകൾ എന്ന് എഴുതാം

ഇതിന്റെ അർത്ഥം 2 പന്തുകളെ 3 പ്രാവശ്യം ഗുണിക്കുന്നതിന് സമമാണ്, 2x3 പന്തുകൾ = 6 പന്തുകൾ.


ഗുണനം എന്നത് ഒരേ സംഖ്യയുടെ ആവർത്തന കൂട്ടൽ ആകുന്നു.
'X' എന്ന ചിഹ്നം ഗുണനത്തെ കുറിക്കുന്നു.



3 + 3 + 3 + 3 = 12

4 × 3 = 12


സ്വയം ചെയ്യുക :



☐ + ☐ = ☐


☐ × ☐ = ☐

**സ്വയം ചെയ്യുക :**



□ + □ + □ = □


□ x □ = □




□ + □ + □ + □ + □ + □ = □

□ x □ = □


**സ്വയം ചെയ്യുക :**





□ + □ = □

□ x □ = □



□ + □ + □ + □ + □ + □ = □

□ x □ = □

ഗണിതം

ഗുണന ഫലം കാണുക :

| | | |
|---|---|---|
| 2 + 2 + 2 | = | 3 x 2 |
| 4 + 4 + 4 + 4 | = | |
| 6 + 6 + 6 + 6 + 6 | = | |
| 9 + 9 + 9 + 9 + 9 + 9 | = | |
| 5 + 5 | = | |
| 7 + 7 + 7 + 7 | = | |
| 8 + 8 + 8 + 8 + 8 + 8 + 8 | = | |
| 3 + 3 + 3 + 3 + 3 + 3 + 3 + 3 + 3 | = | |
| 0 + 0 + 0 + 0 | = | |
| 1 + 1 + 1 | = | |




ഗണിതം

പൂരിപ്പിക്കുക :

| | |
|---|---|
| 5 + 5 + 5 + 5 | = ___ X 5 |
| 2 + ___ + 2 + ___ | = 4 X ___ |
| 8 + 8 + 8 + 8 + 8 + 8 + 8 + 8 | = 8 X ___ |
| 1 + 1 + 1 + 1 + 1 | = ___ X 1 |
| 6 + 6 + 6 | = ___ X ___ |
| 4 + ___ + ___ + ___ + ___ + ___ + ___ | = 7 X ___ |
| 3 + 3 + 3 + 3 + 3 + 3 + 3 | = ___ X 3 |
| 9 + 9 + 9 + 9 | = ___ X ___ |
| 0 + 0 + 0 + 0 + 0 + 0 + 0 + 0 | = ___ X 0 |
| 7 + 7 + 7 + 7 + 7 + 7 | = 6 X ___ |
| 4 + 4 + 4 + 4 + 4 + 4 + 4 + 4 + 4 | = 9 X ___ |




യോജിപ്പിക്കുക




| | |
|---|---|
| | 3 |
| | 3 |




| | |
|---|---|
| | 4 |
| | 4 |
| | 4 |



| | |
|---|---|
| | 2 |
| | 2 |



| | |
|---|---|
| | 5 |
| | 5 |
| | 5 |
| | 5 |



| | |
|---|---|
| | 10 |

2 x 2

2 x 3

1 x 10

3 x 4

4 x 5

**യോജിപ്പിക്കുക :**


| | |
|---|---|
| 9 + 9 + 9 + 9 + 9 + 9 + 9 | 3 X 6 |
| 5 + 5 + 5 + 5 | 5 X 7 |
| 6 + 6 + 6 | 2 X 4 |
| 7 + 7 + 7 + 7 + 7 | 4 X 5 |
| 4 + 4 | 7 X 9 |

**സംഖ്യകളുടെ ആവർത്തന കൂട്ടൽ എഴുതുക :**


| | | |
|---|---|---|
| 6 X 2 | = | 2 + 2 + 2 + 2 + 2 + 2 |
| 7 X 4 | = | |
| 3 X 8 | = | |
| 2 X 9 | = | |
| 4 X 6 | = | |
| 5 X 3 | = | |

# വസ്തുക്കളെ തുല്യമായി വിഭജിക്കൽ


12 പന്തുകളെ തുല്യമായി വിഭജിക്കാൻ സാധിക്കുമോ?




12 = 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1




12 = 2 + 2 + 2 + 2 + 2 + 2



12 = 3 + 3 + 3 + 3




12 = 4 + 4 + 4




12 = 6 + 6

12 പന്തുകളെ 5 വിധത്തിൽ തുല്യമായി വിഭജിക്കാൻ സാധിക്കും.


നമുക്ക് ഇനി 15 ആപ്പിളിനെ തുല്യമായി വിഭജിക്കാം



15 = 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1 + 1




15 = 3 + 3 + 3 + 3 + 3



15 = 5 + 5 + 5

15 ആപ്പിളിനെ 3 വിധത്തിൽ തുല്യമായി വിഭജിക്കാൻ സാധിക്കും.

18 വാഴപ്പഴത്തെ വ്യത്യസ്ത രീതികളിൽ തുല്യമായി വിഭജിക്കാൻ ശ്രമിക്കുക.



## മനക്കണക്കുകൾ :

ഒരു കവറിൽ 10 പേനകൾ ഉണ്ട് ?



1 കവറിൽ = 10 പേനകൾ
2 കവറിൽ = 2 X 10 = 20 പേനകൾ

2 കവറിൽ എത്ര പേനകൾ ഉണ്ടായിരിക്കും ?

ഒരു കൂടയിൽ 10 ആപ്പിൾ ഉണ്ട്.

6 കൂടകളിൽ എത്ര ആപ്പിൾ ഉണ്ടായിരിക്കും ?





ഒരു കവറിൽ 10 ബിസ്ക്കറ്റുകൾ ഉണ്ട് .

4 കവറിൽ എത്ര ബിസ്ക്കറ്റുകൾ ഉണ്ടായിരിക്കും?

ഒരു വരിയിൽ 10 വിദ്യാർത്ഥികൾ ഇരിക്കുന്നു.

9 വരികളിൽ എത്ര വിദ്യാർത്ഥികൾക്ക് ഇരിക്കാൻ സാധിക്കും?





ഒരു പെട്ടിയിൽ 10 മുട്ടകൾ ഉണ്ട് .

3 പെട്ടികളിൽ എത്ര മുട്ടകൾ ഉണ്ടായിരിക്കും?

**അദ്ധ്യാപക കുറിപ്പ് :**

അദ്ധ്യാപകൻ ധാരാളം ഉദാഹരണങ്ങൾ കൊടുത്ത് കുട്ടികളെ മനക്കണക്കിന് പ്രേരിപ്പിക്കുക

# 7.പണം

കടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന്
നീ എന്തു കൊടുക്കുന്നു?

പണം (രൂപ).............




രൂപയും പൈസയും ചേർന്നതാണ് പണം
ഇതിന് ഉപയോഗിക്കുന്നത് നോട്ടുകളും നാണയങ്ങളും.






## നമുക്ക് പണ വിനിമയത്തെ കുറിച്ച് പഠിക്കാം.





**ഇപ്പോൾ ചിന്തിച്ചു നോക്കൂ...**

★ ₹ 5 നെ ഏതെല്ലാം രീതിയിൽ വിനിമയം ചെയ്യാം.

★ ₹ 10 നെ ഏതെല്ലാം രീതിയിൽ വിനിമയം ചെയ്യാം?

ശരിയായ ഉത്തരം [✓] ഇടുക.



| | |
|---|---|
|  ₹ 7 |  |
|  ₹ 10 |  |
|  50 P |  |
|  ₹ 12 |  |
|  ₹ 20 |  |




**നമ്മൾ അറിയേണ്ടത്.**

'p' സൂചിപ്പിക്കുന്നത് പൈസ

'₹' സൂചിപ്പിക്കുന്നത് രൂപ

**ഈ കളിപ്പാട്ടം വാങ്ങാൻ ആവശ്യമായ പണം കൈവശമുള്ള കുട്ടികളെ [✓] ഇടുക**













★ കളിപ്പാട്ടം വാങ്ങാൻ അരുണിന് ഇനി എത്ര രൂപ കൂടി വേണം?




₹ ..............................

★ കളിപ്പാട്ടം ആന്റണി വാങ്ങിയതിനുശേഷം കൈയ്യിൽ ഉള്ള ബാക്കി രൂപ എത്ര? ₹ ..............................

ചില വസ്തുക്കളും അവയുടെ വിലകളും താഴെ കൊടുത്തിരിക്കുന്നു.




ചിത്രത്തിൽ നിന്നും ഓരോ ജോഡിയുടെയും വില കാണുക ?

| വസ്തുക്കൾ | ₹ |
|---|---|
|  | |
|  | |
|  | |
|  | |



## ചിന്തിച്ച് ഉത്തരം പറയുക


ഈ  ന്റെ വില ₹ **10** ആകുന്നു.

ഈ  ന്റെ വില ₹ **3** ആകുന്നു.

രണ്ടു പഴങ്ങളുടേയും ആകെ വില എന്ത്?

ഒരു  വില ₹ **10.** ഒരു  വില ₹ **5.**

ചോക്ലേറ്റിനെക്കാൾ എത്ര രൂപയാണ് പേനയ്ക്ക് അധികം കൊടുക്കേണ്ടത്...?

ഒരു  ന്റെ വില ₹ **7** ഉം ഒരു  ന്റെ വില ₹ **30** യും ആണ്.

എന്റെ കൈയ്യിൽ ₹ 40 ഉണ്ട്. മുകളിൽ പറഞ്ഞ രണ്ടു സാധനങ്ങളും വാങ്ങാൻ കഴിയുമോ?

പിറന്നാൾ ദിവസം അമ്മ എനിക്ക് ₹ **20** തന്നു. അതിൽ ₹ **15** ന് ഒരു കളിപ്പാട്ട കുടുക്ക വാങ്ങി അതിൽ ₹ **5**നെ നിക്ഷേപിച്ചു. എങ്കിൽ ഞാൻ നിക്ഷേപിച്ച തുക എത്ര ?



**അദ്ധ്യാപക കുറിപ്പ്**

ജീവിത സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ധാരാളം ഉദാഹരണങ്ങൾ അധ്യാപകൻ നൽകുക.

**നിങ്ങൾക്കറിയാമോ?**

ഇൻഡ്യൻ രൂപയ്ക്ക് '₹' എന്ന ചിഹ്നം രൂപകല്പന ചെയ്തത് തമിഴ് നാട്ടുകാരനായ **ശ്രീമാൻ ഉദയകുമാറാണ്.**

# 8. ബ്ലോക്ക് രൂപങ്ങൾ

സംഖ്യകളും ആകൃതികളും കൊണ്ടുമാത്രമല്ല രൂപങ്ങൾ ഉണ്ടാകുന്നത്. നാം ഉപയോഗിക്കുന്ന പല വസ്തുക്കൾ കൊണ്ടും നമുക്ക് രൂപങ്ങൾ ഉണ്ടാക്കാം.

ഉദാ : പെരുവിരലടയാളം, പച്ചക്കറി ഉപയോഗിച്ചുള്ള അടയാളം


## പെരുവിരലടയാള രൂപങ്ങൾ





## പെരുവിരലും, വിരൽത്തുമ്പടയാള രൂപങ്ങളും









## പച്ചക്കറികൾ ഉപയോഗിച്ചുള്ള അടയാള രൂപങ്ങൾ







ഒരേ പദാർത്ഥത്തെ ആവർത്തിച്ച് ഉപയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന രൂപങ്ങളെയാണ് ബ്ലോക്ക് രൂപങ്ങൾ എന്നു പറയുന്നത്.

### പ്രായോഗികം

ഉരുളക്കിഴങ്ങ്, വെണ്ടയ്ക്ക, പാവയ്ക്ക തുടങ്ങിയ പച്ചക്കറികൾ മുറിച്ചെടുത്ത് വിവിധ രൂപങ്ങൾ ഉണ്ടാക്കാം.

### പ്രായോഗികം


നിന്റെ പെരുവിരലും, വിരൽതുമ്പും ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുക.

### അദ്ധ്യാപകകുറിപ്പ്

**മഷിയും, വാട്ടർകളറും ഉപയോഗിച്ച് കുട്ടികളെ സംഘമായിട്ട് ഇത്തരം പ്രവർത്തികൾ ചെയ്യാൻ സഹായിക്കുക.**

## പ്രായോഗികം

താഴെ തന്നിരിക്കുന്ന ചിത്രം തണ്ട്, ഇല, പൂവ്, പഴം, പക്ഷികൾ എന്നിവ ഉപയോഗിച്ച് പൂർത്തിയാക്കുക




**തന്നിരിക്കുന്ന ആകൃതികൾ ഉപയോഗിച്ച് പേപ്പറിൽ പകർപ്പെടുത്ത് വിവിധ രൂപങ്ങൾ ഉണ്ടാക്കുക.**




കുപ്പിയുടെ അടപ്പുകൾ





റബ്ബർ



പകിട









**പ്രായോഗികം**

ഒരേ ആകൃതിയിലും വ്യത്യസ്ത വലിപ്പത്തിലുമുള്ള വസ്തുക്കൾ ഉപയോഗിച്ച് നിങ്ങൾക്ക് ഇഷ്ടമുള്ള രൂപങ്ങൾ ഉണ്ടാക്കുക.

## 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'

( 'I Can, I Did' )

## വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |